# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/141/2018 2018 ജൂലൈ 2

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: വികലാംഗ/സ്പോർട്സ്/കൾച്ചറൽ സംവരണ സീറ്റുകളിലേക്ക് ജൂലൈ 4 വരെ അപേക്ഷിക്കാം**

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോർട്സ്/കൾച്ചറൽ ക്വാട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലൈ 4-ാം തീയതിക്കകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. അതിനാൽ ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാല വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടായിലേക്ക് അപേക്ഷിക്കുന്നവർ ജൂലൈ 14ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ ക്യാപിൽ അപേക്ഷിച്ചതിന്റെ പ്രിന്റൗട്ടുമായി നേരിട്ട് അപേക്ഷ സമർപ്പിക്കണം.

**അപേക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം.സി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ - ലാറ്ററൽ എൻട്രി, സ്പെഷ്യൽ ബാച്ച്) പരീക്ഷകൾ ജൂലൈ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 4 വരെയും 50 രൂപ പിഴയോടെ 5 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സമർപ്പിക്കാം. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. ലാബ് പരീക്ഷയ്ക്ക് വീണ്ടുമെഴുതുന്നവർ പേപ്പറിനുള്ള ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ആനിമേഷൻ ആന്റ് വിഷ്വൽ എഫക്ട്സ്, ഓഡിയോഗ്രാഫി ആന്റ് ഡിജിറ്റൽ എഡിറ്റിങ്ങ് (സി.ബി.സി.എസ്.എസ്. യു.ജി. - 2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ റീ അപ്പിയറൻസ്) ഏപ്രിൽ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 4 മുതൽ വിവിധ

കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (റഗുലർ/സപ്ലിമെന്ററി) 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 3 മുതൽ അതാത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (റഗുലർ/സപ്ലിമെന്ററി) 2018 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും ജൂലൈ 9 മുതൽ അതാത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ഇടത്തല അമീൻ കോളേജിലെ വിദ്യാർത്ഥികൾ പെരുമ്പാവൂർ മാർത്തോമാ കോളേജിലും ഐരാപുരം സി.ഇ.ടി. കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലും വൈവാവോസിയ്ക്ക് ഹാജരാകണം.

**പരീക്ഷാഫലം**

2017 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 16 വരെ അപേക്ഷിക്കാം.

**വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ഇ.പി.എ.ബി.എക്സ്/(മെയിന്റനൻസ്) ഓപ്പറേറ്റർ ആയി പ്രതിമാസം 15000 രൂപ നിരക്കിൽ തെരഞ്ഞെടുക്കുന്നതിനായി ജൂലൈ 7ന് രാവിലെ 11.30ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. 2018 ജനുവരി 1ന് പ്രായം 59 വയസ്സിൽ കവിയരുത്. സിഗ്നൽ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന വിമുക്തഭടന്മാർക്ക് (സൈനിക/അർദ്ധസൈനിക) മുൻഗണന. താല്പര്യമുള്ളവർ അസ്സൽ രേഖകളുമായി രാവിലെ 10ന് അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം) മുൻപാകെ ഹാജരാകണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0481 - 2733302.

**ജൈവ കൃഷി തോട്ട നിർമ്മാണത്തിന് സഹായം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾക്ക് ജൈവകൃഷി തോട്ട നിർമ്മാണത്തിനുള്ള ധനസഹായത്തിന് ജൂലൈ 10 വരെ അപേക്ഷിക്കാം. ജൈവകൃഷിയിറക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവിസ്തീർണ്ണം, വിളകൾ, കൃഷി കാലാവധി, ഉദ്ദേശിക്കുന്ന ചെലവ് എന്നിവ ഉൾക്കൊള്ളുന്ന അപേക്ഷ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടെ എൻ.എസ്.എസ്. ഓഫീസിലോ jaivam@mgu.ac.in എന്ന ഇമെയിലിലോ അയയ്ക്കണം.

**കളഞ്ഞുകിട്ടി**

മഹാത്മാഗാന്ധി സർവ്വകലാശാലാ പരീക്ഷാഭവൻ പരിസരത്തുനിന്നും പണം കളഞ്ഞുകിട്ടിയിട്ടുണ്ട്. ഉടമസ്ഥർ ആവശ്യമായ തെളിവുകൾ സഹിതം സെക്യൂരിറ്റി ഓഫീസറെ സമീപിക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**